* മിസ്റ്റർ എം. വി. ചെറിയാൻ.— സർ, എനിക്കും രണ്ടു വാക്കു പറയുവാനുണ്ടു്. ഇതിൽ എല്ലാ കാൺസ്റ്റബിൾമാർക്കും ശമ്പളം കൂട്ടുന്നതു നല്ലതാണു്. അതിനു ഗവൺമെണ്ടിനു നിവൃത്തിയില്ലെങ്കിൽ മുതുങ്ങിയതു പട്ടണങ്ങളിൽ രാവും പകലും ജോലി ചെയ്യുന്ന ഈ ഉദ്യോഗസ്ഥന്മാർക്കു് എന്തെങ്കിലും കൂടുതൽ കൊടുക്കണമെന്നു് എനിക്കപേക്ഷയുണ്ടു്. കാരണം എന്താണെന്നുവെച്ചാൽ അവിടെ ജീവിക്കുന്നതിനു് വളരെ കൂടുതൽ ചിലവുണ്ടു്. അവരുടെ അവിടത്തെ ജോലിയും താമസരീതിയും കൂടി നോക്കുകയാണെങ്കിൽ തീരെ പട്ടിണി കിടന്നാണു് അവർ കഴിച്ചുകൂട്ടുന്നതു്. അതുകൊണ്ടു ഗവൺമെണ്ടിനു് എല്ലാവരുടേയും ശമ്പളം കൂട്ടുന്നതിനു തരമില്ലാത്തപക്ഷം ഇങ്ങിനെയുള്ള ഇവർക്കു് ഓണർ അലവൻസു് എന്നോ മറ്റോ പറഞ്ഞു് എന്തെങ്കിലും കൂട്ടിക്കൊടുക്കണം. ഓണിലുള്ള വർക്കു രാത്രിയും പകലും വേലയെടുക്കണം.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാത്തവക്ക് രാത്രിയിൽ അവരുടെ വീട്ടിൽ പോയി വിശ്രമിക്കാം. അതുകൊണ്ട് യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ലെങ്കിൽ ഇതെങ്കിലും ചെയ്യണമെന്ന ഞാൻ ഗവമ്മെണ്ടിനോട് അപേക്ഷിക്കുന്നു.

മിസ്റ്റർ എ. ഇച്ചരമേനോൻ.— സർ, ഞാൻ സംസാരിക്കുവാൻ പോകുന്നതിൽനിന്ന് പോലീസുകാക്ക ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു വിരോധിയാണെന്ന വിചാരിച്ചുപോകരുത്. അവക്കിപ്പോൾ കിട്ടിവരുന്ന ശമ്പളംകൊണ്ട വേണ്ടപോലെ കാര്യങ്ങൾ നിവൃത്തിക്കുവാൻ കഴികയില്ലെന്ന് എനിക്ക നല്ലവണ്ണമറിയാം. അവക്ക ശമ്പളം കൂട്ടുന്ന കാര്യത്തെക്കുറിച്ച് ഗവമ്മെണ്ട് സാമ്പത്തികാധഃപതനം കഴിഞ്ഞതിനശേഷം ആലോചിക്കാമെന്ന പറയുന്നുണ്ട്. അതു എത്രയും നല്ലതായ ഒരു കാര്യമാണ്. എന്നാൽ ഇപ്പോൾ ഇവക്ക ഫവ-ം ഫ@-ം ഫസ്-ം വീതം ശമ്പളം കൊടുത്തുവരുന്നുണ്ട്. ഇപ്പോൾ ഉദ്യോഗമില്ലാതെ അനവധി ആളുകൾ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ശമ്പളക്കൂടുതലിനു വേണ്ടിവരുന്ന തുക എടുത്ത് ഇവരിൽ @ം പേക്ക് ഉദ്യോഗം കൊടുത്താൽ വളരെ നന്നായിരിക്കും. അതുകൊണ്ട് ആഹാരത്തിനു യാതൊരു മാർഗ്ഗവുമില്ലാതെ ഉഴന്നു നടക്കുന്നവരായ ഫം, @ം ആളുകൾക്ക കൂടി ഇതിൽ ഉദ്യോഗം കൊടുത്ത് അവക്ക് ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഇപ്പോൾ ഉള്ളവരുടെ കാര്യംമാത്രം നോക്കിയാൽ മറ്റുള്ളവരുടെ കാര്യം നന്നാകുമോ എന്നകൂടി ആലോചിക്കണം. ഇപ്പോഴുള്ളവക്ക കൊടുക്കേണ്ടന്ന ഞാൻ പറയുന്നില്ല. കൊടുക്കണമെന്നാണ ഞാനും പറയാൻ പോകുന്നത്. പക്ഷെ ഈ കാലത്തു കുറച്ചുകൂടി ആളുകൾക്ക് ഒരു ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നതാണ് അതിലും നല്ലത്.

Mr. A. L. Devassy.—Sir, it is very refreshing to hear from some of the Hon'ble Members that they appreciate the strain and self-denial under which the policemen are doing their duty. As regards their pay the matter is receiving the attention of the Government and something will be done without much delay.

Dr. A. R. Menon.—Would a portion of this Rs. 10,000 be devoted to the raising of their pay?

Mr. A. L. Devassy.—The whole scheme is engaging the attention of the Government. But no definite assurance can be given in this matter. The question of having some more constables in the intermediate grade will be seriously considered. That will be a relief. As regards Town Stations, in all the towns, the constables get an allowance.

മിസ്റ്റർ വി. കെ. കൂട്ടി.— മട്ടാഞ്ചേരിയിൽ അല്ലാതെ മറെറവിടെയെങ്കിലും ഔണ്ട അലവൻസ് ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ദേവസ്സി.— റൊണ് അലവൻസ് റൊണിൽ മാത്രമുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി.— എറണാകുളത്ത് ഉണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി.— എറണാകുളം റൊണിൽ ഉണ്ട്. കസ് ബായിൽ ഇല്ല.

Mr. A. L. Devassy.—Ernaklam is also a town. In the hill stations, they are given 50 per cent extra pay. With regard to the man who was seen inside a blanket by the Hon'ble Mover he gets 50 per cent extra pay in those special tracts.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, ബഹുമാനപ്പെട്ട ഗവ മ്മെണ്ടിന്റെ മറുപടികേട്ടതിൽ വളരെ സന്തോഷമായി. മീനാക്ഷിപുരത്തു ഹവ ശുപാ കൊടുക്കുന്നുണ്ടെന്നു കേട്ടതിൽ വളരെ തൃപ്തി ആയി. ഒരു പക്ഷെ പറമ്പിക്കുളത്തും കൊടുത്തിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ അതു് അധികകാലം കൊടുക്കേണ്ടതായിട്ടു വരികയില്ല. ഗവമ്മെണ്ടിന്റെ ഗാഢമായ ശ്രദ്ധ ഇതിൽ പതിഞ്ഞിട്ടുണ്ടെന്നു് മറുപടികൊണ്ടു് എനിക്കു ധരിക്കുവാൻ കഴിഞ്ഞു. ഇതിൽ ഞാൻ വളരെ കൃതാർത്ഥനായി. ഈ ന്യൂനം കാൺസ്റ്റബിൾമാരും ഹെ-ം ഹവ-ം കൊല്ലം സർവ്വീസിലിരുന്നു പെൻഷൻ പറ്റേണ്ട കാലത്തു ഫ-ൽ നിന്നു കയറുവാൻ വളരെ കഷ്ടപ്പെടുകയാണു ചെയ്യുന്നതു്. അതുകൊണ്ടു് ഡിപ്പാർട്ടുമെണ്ടു് ഡിസിപ്ലിനു് യാതൊരു വിഘാതവും വരാതെ ജോലിചെയ്യുന്ന ആളുകൾക്കു് ഒരു ടൈം സ്കെയിൽ കൊടുക്കുവാൻ ദയവുണ്ടായാൽ അതു് എല്ലാപേക്കും കിട്ടും. ഗവമ്മെണ്ടു് ചെയ്തില്ലെങ്കിലും അതു ചെയ്യാമെന്നു പറഞ്ഞതിൽ വളരെ സന്തോഷമുണ്ടു്. കിട്ടിയില്ലെങ്കിലും വേണ്ടതില്ല. പക്ഷെ ഗവമ്മെണ്ടു ദയവായി ചെയ്താൽ മതി. ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ടും ചെയ്യണമെന്നാപേക്ഷിച്ചുകൊണ്ടും ഗവമ്മെണ്ടിന്റെ അഭിപ്രായത്തോടുകൂടി യോജിച്ചുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

Motion was, by leave, withdrawn.

Motion No. 87.

Mr. Popatlal Goverdhan Lalan.—"*To reduce the allotment of Rs. 2,17,615 for Police Proper by Re. 1. To acquaint the Government the urgent necessity of providing a Police Outpost Station in Calvetty, Mattancherry, on the border of the State.*"

* സർ, മട്ടാഞ്ചേരി അതിർത്തിയിൽ ഒരു ഔട്ടുപോസ്റ്റുവയ്ക്കുകിട്ടേണ്ട ആവശ്യത്തിലേയ്ക്കാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പി

* Speeches not corrected by the Hon'ble Members.

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കുന്നതു്. ബ്രിട്ടീഷ്കൊച്ചിയിൽനിന്ന് മട്ടാഞ്ചേരിയുടെ മനോഹരമായ ഭംഗി കണ്ട് ആനന്ദിയ്ക്കുവാനെന്ന തോന്നുമാറു് റൌൺ വാർഡിലേയ്ക്കു് പല റൌഡീസുകളും വന്ന് മാനംമാഭ്രദയായിട്ട ജീവിയ്ക്കുന്ന ആളുകൾക്കു പല ഉപദ്രവങ്ങളും ഉണ്ടാക്കുന്നുണ്ടു്. മട്ടാഞ്ചേരി പട്ടണത്തിലെ തൊഴിലാളികളിൽ അധികംപേരും താമസിയ്ക്കുന്നതു് കൽവത്തി എന്ന സ്ഥലത്തിന്നാട്ടക്കലാണു്. ആ തൊഴിലാളികൾ മട്ടാഞ്ചേരിയിൽവന്ന വേലചെയ്തിട്ട് അവരുടെ നിവാസസ്ഥലത്തേയ്ക്കു മടങ്ങുമ്പോൾ മദ്യപിച്ചു നിൽക്കുന്നവരായ റൌഡികൾ ഇവരെ പല പ്രാവശ്യവും ഉപദ്രവിയ്ക്കുന്നുണ്ടെന്നു മാത്രമല്ല; ഇവർക്കു തൊഴിൽചെയ്തു കിട്ടിയ കൂലി തട്ടിപ്പറിച്ചുകൊണ്ടു പോകുകയും ചെയ്യുന്നുണ്ടു്. ഇതിനെ സംബന്ധിച്ചുള്ള പല കേസുകളും സ്റ്റേഷൻ റിക്കാർട്ട പരിശോധിച്ചാൽ കാണാവുന്നതാണു്.

നമ്മുടെ തുറമുഖത്തു് രാവും പകലും കപ്പലുകളിൽ വേലയുള്ളതിനാലും ബ്രീട്ടീഷ് കൊച്ചിയും മട്ടാഞ്ചേരിയുമായി എപ്പോഴും അധികം സഞ്ചാരമുള്ളതുകൊണ്ടും ഈ റൌഡികളിൽനിന്നും പലപ്രകാരത്തിലുള്ള ഉപദ്രവങ്ങൾ ജനങ്ങൾക്കുണ്ടാകുന്നുണ്ടു്. എന്നാൽ റിക്കാർട്ട പരിശോധിച്ചതിൽ ഈ വക ആവലാതികളൊന്നുമുണ്ടായിട്ടില്ലെന്ന ബഹുമാനപ്പെട്ട ഗവൺമെണ്ടു പറയുമായിരിയ്ക്കാം. പക്ഷെ ആവലാതികൾ അവിടെ എത്തിയ്ക്കുവാൻ സാധുക്കൾക്കു സാധിയ്ക്കുന്നില്ല. ആ വക ബുദ്ധിമുട്ടുകൾ എന്താണെന്നുള്ളതിനെക്കുറിച്ചു് ഇവിടെ പ്രസ്താവിയ്ക്കുന്നതു ശരിയല്ലെന്നുള്ള വിചാരത്തോടുകൂടി ഞാൻ പ്രസ്താവിയ്ക്കുന്നില്ല. ബഹുമാനപ്പെട്ട പോലീസു് മേലദ്ധ്യക്ഷൻ എന്നോടാവശ്യപ്പെട്ടാൽ പല ദൃഷ്ടാന്തങ്ങളും ഞാൻ അദ്ദേഹത്തോടു പറഞ്ഞു മനസ്സിലാക്കാം. പ്രധാനമായിട്ടു കച്ചവടക്കാരുടെ ബുദ്ധിമുട്ടുകൾ വളരെ കൂടിവരുന്നുണ്ടു്. രാത്രിസമയങ്ങളിൽ കപ്പലിൽനിന്നു ഇറക്കിയ ചരക്കുകൾ വഞ്ചികളിലോ മറ്റോ കയറ്റി കടവുകളിൽ കെട്ടിയിട്ടാൽ പലപ്പോഴും കള്ളന്മാർ വന്നു മോഷ്ടിച്ചു നമ്മുടെ അത്തി വിട്ട മറ്റേ അത്തിക്കു കൊണ്ടുപോകുവാനും എളുപ്പമുണ്ടു്. ഈ സങ്കടങ്ങൾക്കെല്ലാം പരിഹാരമായി അത്തിയിൽ ഒരു ഔട്ട്പോസ്റ്റു സ്ഥാപിക്കുകയാണെങ്കിൽ കള്ളന്മാർക്കും റൌഡികൾക്കും കുറച്ചു് ഒരു ഭയം ഉണ്ടാകാൻ ഇടയുണ്ടു്. ജനങ്ങൾക്കും ഇതുകൊണ്ടു വളരെ ഉപകാരപ്രദമാകും. അവിടെ ബീറ്റു കാൺസ്റ്റബിൾമാർ ധാരാളമുണ്ടെന്നു ബഹുമാനപ്പെട്ട പോലീസുമെമ്പർ പറയുമായിരിക്കാം. ആ ബീറ്റുകളെല്ലാം ശരിയായി നടത്തിയാൽ ഇങ്ങനെയുള്ള ഉപദ്രവങ്ങൾ ഉണ്ടാകയില്ലെന്നു അദ്ദേഹം പറയുകയാണെങ്കിൽ എനിക്കതിനെക്കുറിച്ചു സപ്പം പറയുവാനുണ്ടു്. ബഹുമാനപ്പെട്ട ഈഴവ മെമ്പർ പറഞ്ഞതുപോലെ രാത്രിസമയങ്ങളിൽ അവർക്കു വല്ല കാളിയേയോ ദേവിയേയോപോലെ റോഡിൽ സഞ്ചരിക്കുന്നവരെ തുപസ്സുചെയ്തു നോക്കിക്കൊണ്ടിരിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ടു്. ഈ ബീറ്റുകാൺസ്റ്റബിൾമാരുടെ നിലയും മട്ടാഞ്ചേരിയിലുള്ള ഇടവഴികളുടെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കും നോക്കിയാൽ വഴികളുടെ സംഖ്യ വളരെ കൂട്ടതലാണ്. അതുകൊണ്ട് ഒരു ഔട്ട് പോസ് റു സ്ഥാപിക്കുവാൻവേണ്ടി ഗവമ്മെണ്ടിൽനിന്നും കുറച്ചു സംഖ്യ ചിലവുചെയ്യാതെ തരമില്ല ഇപ്പോഴുള്ള ടൌൺ പോലീസിന്റെ കീഴിൽ ഒരു കസ് ബാസ്റ്റേഷൻ വെച്ചോ അല്ലാത്തപക്ഷം ഒരു ഔട്ട് പോസ്റ്റായിട്ടതന്നെയോ നടപ്പാക്കുന്നപക്ഷം അതു ജനങ്ങൾക്കു വളരെ ഉപകാരമായിരിയ്ക്കും. ഈ സംഗതി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻവേണ്ടിയാണ് ഞാൻ ഈ കട്ട് മോഷൻ ഇവിടെ അവതരിപ്പിക്കുന്നതു്.

Mr. A. L. Devassy.—Sir, the place to which the Hon'ble Member referred is only about a mile away from the Mattancherry Police Station and within the Town. The number of cases and petitions received from the locality is not so alarming as to justify an outpost just now. In detailing men for patrol to the area, I shall see that the Inspector of Mattancherry keeps in mind all the remarks made by the Hon'ble Member.

* മിസ്റ്റർ പോപ്പട്ടലാൽ ഗോവർദ്ധനലാലൻ.— ഭംഗിയായിട്ടുള്ള മറുപടി കേട്ടു. ആ ഭാഗങ്ങളിലല്ല അധികം കേസുകളുള്ളതെന്ന് അദ്ദേഹം പറഞ്ഞതിനു ഞാൻ ഒരു മറുപടി പറയുന്നതുകൊണ്ടു് കൂടുതൽ ദോഷം വരുമെന്ന് എനിക്കു തോന്നുന്നില്ല. അദ്ദേഹം ഈ സംഗതിയിൽ കൂടുതൽ ശ്രദ്ധിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇങ്ങിനെയുള്ള കേസുകളിൽ മജിസ്ട്രട്ട കോടതിയിൽനിന്നും അധികം ശിക്ഷ അനുഭവിക്കാൻ ഇടയായ ആളുകളുടെ ഒരു ലീസ് റു നോക്കിയാൽ ആ ഭാഗത്താണു കൂടുതലായുള്ളതെന്നു കാണാം. ഇതൊന്നും ആലോചിയ്ക്കാതെ അദ്ദേഹം ഇത്തരത്തിൽ ഒരു മറുപടി തന്നതിൽ വളരെ സങ്കടമുണ്ടു്. റിക്കാർട്ട പരിശോധിയ്ക്കാതെ ഇതു സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും മനസ്സിലാക്കുവാൻ മെമ്പർമാക്കു സാധിയ്ക്കുകയില്ലെന്നാണു പറഞ്ഞതു്. എന്നാൽ ഞാൻ എന്റെ കടമയനുസരിച്ചു് മുഴുവൻ സംഗതികളും ഇവിടെ തുറന്നു പറഞ്ഞേയ്ക്കാം. മട്ടാഞ്ചേരി ടൌൺ പോലീസു് സ്റ്റേഷനിൽ ഒരു ഇൻസ്പെക്ടരുണ്ടു്. ആ ഇൻസ്പെക്ടർക്കു് അവിടെ ഇരുന്നുകൊണ്ടു് പുറമെ നടക്കുന്ന എല്ലാ വിഷയങ്ങളിലും ശ്രദ്ധപതിപ്പിയ്ക്കുവാനോ, പെറ്റ് ട്രോൾ ചെയ്യുവാനോ, കൺട്രോൾ ചെയ്യുവാനോ സാധിയ്ക്കുമെന്നുണ്ടെങ്കിൽ ഫോഴ്സ് കൂട്ടണമെന്നു് എന്തിനാണു് ആവശ്യപ്പെട്ടിരിയ്ക്കുന്നതു്? ആ ഫോഴ്സ് ആവശ്യപ്പെട്ടിരിയ്ക്കുന്നതു് ഏതു സ്ഥലത്തേയ്ക്കാണെന്നു പറഞ്ഞാൽ കൊള്ളാം. കൊച്ചീസ്റ്റേറ്റിൽ ഇക്കൊല്ലം കാൺസ്റ്റബിൾമാരുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കുന്നുവെന്നുള്ള ഒച്ച പുറപ്പെടുവിയ്ക്കുവാനായിട്ടുമാത്രമാണോ ഈ ഫോഴ്സു വർദ്ധിപ്പിച്ചിരിയ്ക്കുന്നതു്? ഫോഴ്സു വർദ്ധിപ്പിച്ചു് ആവശ്യമുള്ള സ്ഥലങ്ങളിൽ നിയമിയ്ക്കാതിരിയ്ക്കുകയാണെങ്കിൽ വളരെ സങ്ക

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ടമുണ്ട്. മട്ടാഞ്ചേരിയ്ക്കും ബ്രിട്ടീഷ് കൊച്ചിയ്ക്കും ഇടയിലുള്ള അതിർത്തിയിൽ ഒരു ഔട്ടപോസ്റ്റ് ആവശ്യമില്ലെന്ന പറഞ്ഞതിലാണ് എനിയ്ക്ക് അത്ഭുതം തോന്നുന്നത്.

മിസ്റ്റർ ഏ. ഈച്ചരമേനോൻ.— ബ്രിട്ടീഷ് കൊച്ചിയിൽ ഔട്ട പോസ്റ്റുണ്ടോ?

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ.— ബ്രിട്ടീഷ്കൊച്ചിയുടെ കാര്യമാണ് പ്രധാനമായി ചിന്തിക്കേണ്ടത്. വാണിജ്യ കേന്ദ്രം മട്ടാഞ്ചേരിയാണ്. ബ്രിട്ടീഷിൽ വാണിജ്യ സംബന്ധമായി യാതൊന്നുമില്ല. ബ്രിട്ടീഷ് കൊച്ചിയിലുള്ളവർക്ക് എന്തെങ്കിലും ഗുണം കിട്ടണമെന്നുണ്ടെങ്കിൽ അവർക്ക് മട്ടാഞ്ചേരിയിലേയ്ക്ക് വരണം. അഴിമതികൾ വർദ്ധിയ്ക്കാതിരിയ്ക്കുവാനാണ് ഞാൻ ഈ ഔട്ടപോസ്റ്റ് ആവശ്യപ്പെട്ടതു്. ബ്രിട്ടീഷ്കൊച്ചിയിൽ ഔട്ടപോസ്റ്റില്ലെങ്കിൽ ഇവിടേയും ഏതെങ്കിലും തരത്തിൽ നടന്നുകൊള്ളട്ടെ എന്നു വിചാരിയ്ക്കുന്നതു ശരിയല്ല. പെറ്റ്രോളിന്റെ ആവശ്യത്തിനുവേണ്ടി ബോട്ടുകൾ ഉണ്ട്; മറ്റു പല സൌകര്യങ്ങളും ചെയ്തിട്ടുണ്ട് എന്നു പറഞ്ഞിട്ട് അതിലേയ്ക്ക് കുറെ പണം അനുവദിച്ചു. അവസാനമായപ്പോൾ പെറ്റ്രോളുമില്ല, ബോട്ടുമില്ല; ഒന്നുമില്ല. ബഹുമാനപ്പെട്ട ഇന്നത്തെ ചെയർമാൻ "കച്ചവടത്തെ രക്ഷിയ്ക്കുവാനാണ് പോലീസു"" എന്നിവിടെ പറഞ്ഞിട്ടുണ്ട്. പോലീസാണോ കച്ചവടത്തിനു രക്ഷചെയ്യുവാൻ പോകുന്നതെന്നു ഞാൻ ചോദിയ്ക്കുന്നു. ചുരുക്കി പറയുകയാണെങ്കിൽ ഞങ്ങൾക്കു റിക്ഷാവണ്ടി പിടിയ്ക്കുവാനുംകൂടി രക്ഷയില്ല.

ബഹുമാനപ്പെട്ട ഗവൺമെണ്ടു് ഈ കാര്യം നല്ലപോലെ ആലോചിച്ചു പ്രവൃത്തിച്ചില്ലെങ്കിൽ മേലാൽ വരാൻപോകുന്ന ബുദ്ധിമുട്ട ഗവൺമെണ്ടു് അനുഭവിക്കേണ്ടിവരും. അങ്ങിനെ ഏതെങ്കിലും ഒരു കാര്യത്തിൽ ബുദ്ധിമുട്ട നേരിടുമ്പോൾ അതിലേയ്ക്കായി സ്പെഷ്യൽ കോടതികളും മറ്റും വയ്ക്കേണ്ടിവരും. ഭാവികാലത്തു് ഈ വക സംഗതികൾക്കു കൂടുതൽ പണച്ചിലവു വരാതിരിയ്ക്കുവാനാണ് ഇപ്പോൾതന്നെ ഈ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതു്. ഇപ്പോൾ വേണ്ട എന്നാണു വിചാരിയ്ക്കുന്നതെങ്കിൽ വേണ്ട അവസരത്തിൽ ചിന്തിച്ചു ചെയ്തുകൊള്ളട്ടെ; ഞാൻ എന്റെ കടമയെ നിർവ്വഹിച്ചു. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിയ്ക്കുന്നു.

Motion was, by leave, withdrawn.

Motion No. 88.

Mr. K. S. Manickam.—"*To reduce the allotment of Rs. 2,17,625 for Police by Re. 1. To request the Government to construct 'Police Lines' attached to the Police Station, Irinjalakuda.*"

LIBRARY ARCHIVES Kerala Legislative Assembly

Mr. President, Sir, the location of the Police Station at Irinjalakuda is such that within a radius of one mile of the police station no quarters are available especially for Hindu constables for their stay. Within a radius of one mile there are certain shops, churches and markets and as such no building which is within the reach of the police constable is available for him for his stay. He has to seek his lodgings elsewhere, a mile and a half away from the Police Station and as such whenever an urgent call is made on the Police the officer on duty at the station finds it very difficult to call together a detachment of police to his aid. Besides this, the constables are put to the difficulty of getting proper quarters for their stay at a rent which they can afford to pay and one cannot forget the fact that Irinjalakuda is growing into a town. The Commissioner of Police himself has said that he is constructing police lines in all the important towns of the State. I request him to take Irinjalakuda also into consideration in view of the fact that it is growing into a town and construct police lines there.

Mr. A. L. Devassy.—There is already a small line there. I admit that it is not sufficient to meet the situation. The question of having a police line in all the police stations is engaging the attention of the Government. Irinjalakuda's claim for a police line will also be considered.

Motion was, by leave, withdrawn.

Motion No. 89.

Mr. Popatlal Goverdhan Lalan.—"*To reduce the allotment of Re. 2,400 for cattle pounds by Re. 1. To acquaint the Government the importance of starting Societies in our towns and villages for the prevention of cruelties to animals.*"

* മിസ്റ്റർ പ്രസിഡണ്ട്, സർ, ഈ കട്ടമോഷനെ സംബന്ധിച്ചു് ഈ സഭയിൽ വളരെ നീളത്തിൽ വ്യാഖ്യാനിക്കേണ്ട ആവശ്യമുണ്ടെന്നു് എനിയ്ക്കു തോന്നുന്നില്ല. നമ്മുടെ മദ്രാസു് ഗവൺമെണ്ടു് ഇതിനു വേണ്ടുന്ന നിയമങ്ങൾ ഉണ്ടാക്കിട്ടുണ്ടു്. അതുപോലെ നമ്മുടെ സ്റ്റേറ്റിലും മൃഗങ്ങളെ രക്ഷിയ്ക്കുവാൻവേണ്ടിയുള്ള ഒരു നിയമം ഉണ്ടാക്കേണ്ടതാവശ്യമാണെന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണു് ഞാൻ ഈ കട്ടമോഷൻ അയച്ചിട്ടുള്ളതു്.

Mr. A. L. Devassy.—Sir, Regulation XVIII of 1095 is intended for the prevention of Cruelty to Animals and it has

LIBRARY ARCHIVES Kerala Legislative Assembly

been extended to Ernakulam, Trippunithura, Kunnamkulam, Mattancherry etc. An official agency will not be able to work the Regulation satisfactorily. As in other places it is for the non-official public to take up the work. In British India it is the S. P. C. A. If a non-official body is formed to do the Government will surely do all that lies in their power to help it.

Mr. Shabdai S. Koder—Is there a Prevention of Cruelty to Animals Act in force here?

Mr. A. L. Devassy.—Yes.

Dr. A. R. Menon.—Has this ever been enforced?

Mr. A. L. Devassy.—Yes.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ.— ഗവമ്മെണ്ടിൽ നിന്നും അനുകൂലമായ മറുപടി കിട്ടിയതുകൊണ്ട് ഞാൻ ഈ സഭയുടെ അനുവാദത്തോടുകൂടി കട്ടമോഷൻ പിൻവലിയ്ക്കുന്നു.

Motion was, by leave, withdrawn.

Motion No. 90.

Mr. T. A. Ramachandra Ayyar.—"*To reduce the allotment of Rs. 2,20,015 for Police by Re. 1. Regarding the punishment given to drivers of buses for over load.*"

* സർ, ബസ്സുകളിൽ ഒന്നോ രണ്ടോ ആളുകളെ കൂടുതൽ കയറിയാൽ അതിനു ഡ്രൈവർമാരെ ശിക്ഷിച്ചുവരുന്ന അനീതിയെപ്പറ്റി പറയുവാനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ഒരു ഡ്രൈവർക്ക് ആ ബസ്സിൽ എത്ര ആളുകൾ കയറുന്നുവെന്നും, എത്രപേർ ഇറങ്ങുന്നുവെന്നും നോക്കേണ്ട ആവശ്യമില്ല. വഴിയിൽ വല്ല വണ്ടികളോ ആളുകളോ മൃഗങ്ങളോ നില്ക്കുന്നതു കണ്ടാൽ അവയെ രക്ഷിയ്ക്കുവാനും, കാറിന്റെ ബ്രേക്കിനു വല്ല കേടുമുണ്ടോ എന്നു നോക്കി ശരിയ്ക്കുലകാൻ പിടിച്ചതുപോലെ കാർ ഓടിച്ചു പോകാനും ഡ്രൈവർ ശ്രദ്ധിയ്ക്കുന്നു. ബസ്സിലിരിക്കുന്നവരോടു സംസാരിയ്ക്കുവാൻ കൂടി ഒരു ഡ്രൈവർക്കു പാടില്ല. ചിലസമയം എതിർ ബസ്സോ മറ്റോ വരുമ്പോൾ വണ്ടി നിറുത്തുകയോ, പതുക്കെ ഓടിയ്ക്കുകയോ ചെയ്താൽ ആ അവസരത്തിൽ ആളുകൾ കയറുന്നതു ഡ്രൈവർ അറിയുന്നില്ല. ഇതിനുത്തരവാദി കൺഡക്ടരാണ്. അയാളെ ശിക്ഷിയ്ക്കുന്നതിനു പകരം ഡ്രൈവറെ ശിക്ഷിയ്ക്കുന്നതു തീരെ ശരിയല്ല. ഡ്രൈവർ കാർ ഓടിച്ചു പോകുമ്പോൾ പുറകോട്ടു തിരിഞ്ഞു നോക്കിയാൽ വല്ല അപകടങ്ങളും വരാനിടയുണ്ട്. അതുകൊണ്ട് ഓവർ ലോഡിനു ഡ്രൈ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വരെ ശിക്ഷിയ്ക്കുന്നതു് ഒരിയ്ക്കലും ശരിയല്ലെന്നാണു് എന്റെ അഭി പ്രായം.

Mr. A. L. Devassy.—Sir, under the Regulation the driver is also responsible for the overload in the bus. But if cases where it can be satisfactorily proved that the overload was without the knowledge of the drivers, that a man crept in behind his back, it will be certainly considered on its merits.

Dr. A. R. Menon.—Is the owner also responsible?

Mr. A. L. Devassy.—Yes.

Dr. A. R. Menon.—Why not fix the responsibilty on one individual? It would be better to fix the responsibility upon one person and that person is certainly the conductor.

Mr. P. Kumaran Ezhuthassan.—Sir, any one who had the experience of travelling in buses would realise this fact that whenever a passenger wants to get in and the bus is stopped, the Driver invariably asks the question to the Conductor whether there is space and it is only when the conductor says that there is, the passenger is allowed to enter. There is no manner of responsibility with the Driver regarding a person or two taken in excess of the admitted number. Therefore it is very hard to punish the driver whose attention must always be on the wheel and not to see that the statement made by the conductor is right or not. If it is the existing rule that stands in the way of the Commissioner the rule has certainly to be amended. It must be modified and stated that in cases of overload it is the conductor alone who will be held responsible. Let us punish him more severely so that he may be on his guard. It is extremely hard to punish the driver.

* മിസ്റ്റർ ടി. കെ. നായർ.— സർ, രണ്ടോ മൂന്നോ കൊല്ലം മുമ്പു് ഓവർലോഡിനു് ഉടമസ്ഥന്മാരേയും ക്രൂടി ചാർജ്ജു ചെയ്തിരുന്നതായി ഞാൻ ആവലാതി ബോധിപ്പിച്ചു. — എന്റെ ഗ്രഹപ്പിഴയ്ക്കു് ഞാൻ ഒരു ബസ്സുടമസ്ഥനാണു് —.നമ്മുടെ ഇന്നത്തെ ഗവമ്മെൻറു് അഡ്വക്കേറ്റുതന്നെയാണു് അന്നും ഗവമ്മെൻറു് അഡ്വക്കേറ്റായിരുന്നതു്. അദ്ദേഹം പറഞ്ഞതു് നിയമത്തിൽ ഉടമസ്ഥന്മാരെ ചാർജ്ജു ചെയ്യുന്ന വകുപ്പു വച്ചിട്ടുണ്ടെങ്കിലും, അതുക്രൂടാതെ കഴിക്കത്തക്കവണ്ണം ഒരു അമെൻറുമെൻറു കൊണ്ടുവന്നു് വേണ്ടപോലെ ചെയ്യാമെന്നാണു്.

ഞാൻ ഇവിടെ പ്രസംഗിച്ചുകൊണ്ടു നില്ക്കുന്ന ഈ അവസരത്തിൽ പുഴയന്തരിലുള്ള എന്റെ ബസ്സിൽ ഓവർലോഡു വന്നതിനുവേണ്ടി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

എന്നെ ശിക്ഷിച്ചാൽ അതു വലിയ അന്യായമാണ്. ആ നിലയിൽ ഉടമസ്ഥനെ അതിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട. ഒഴിവാക്കിയില്ലെങ്കിലും ഇപ്പോൾ ചാർജ്ജുചെയ്യുവരുന്നില്ല. ഇന്നും എന്റെ ബസ്സുകൾ നിരത്തിൽ ഓടുന്നുണ്ട്. പക്ഷേ അതിൽ ഓവർലോഡു കയറ്റിയതിന് എന്നെ ചാർജ്ജുചെയ്താൽ ഞാൻ പെട്ടു; ഞാൻ ഈ നിയമസഭാ സാമാജികന്മാരെക്കൊണ്ടൊക്കെ സാക്ഷി കൊടുപ്പിയ്യുയും ചെയ്യും. മദ്രാസിലെ റഗുലേഷനും അവിടത്തെ ബസ്സു സർവ്വീസിന്റെ നടത്തിപ്പും നോക്കിയാൽ എത്രത്തോളം കടുപ്പമായ പ്രവൃത്തികളാണ് ഇന്നിവിടെ നടക്കുന്നത്! മുനിസിപ്പാലിറ്റിയിലെ കൂപ്പവണ്ടി വലിയ്ക്കുന്നവരുടെ സ്ഥിതിപോലും ഇന്നത്തെ ബസ്സുടമസ്ഥന്മാക്കില്ല. അത്രകണ്ട് ആഭാസമായിട്ടുണ്ട് ഇവിടത്തെ ബസ്സു നടത്തിപ്പ്. കൊച്ചീ രാജ്യത്തിലെ അതി പ്രധാനമായ ഒരു വ്യാപാരമാണ് ബസ്സു സർവ്വീസ്. ബസ്സുകളൊന്നും ശരിയായി ഓടിയില്ലെങ്കിൽ ഈ രാജ്യത്തു് ഒരു കാര്യങ്ങളും ശരിയ്ക്കു നടക്കുമെന്നു തോന്നുന്നില്ല. ബസ്സു സർവ്വീസിനെ സംബന്ധിച്ചിടത്തോളം പരിഹരിച്ചു കിട്ടേണ്ട സംഗതികളെല്ലാം എത്രയെത്രയോ നിസ്സാരമാക്കി. പല സംഗതികളും ഈ വിഷയത്തിൽ കൊണ്ടുവരുവാനുണ്ടെങ്കിലും വന്നിടത്തോളം അനുഭവിച്ചുകഴിഞ്ഞു. എന്നെ ചാർജ്ജു ചെയ്യുകയില്ലെന്ന് എനിയ്ക്കറിയാം.

മിസ്റ്റർ എം. വി. ചെറിയാൻ.— എങ്ങിനെ അറിഞ്ഞു?

മിസ്റ്റർ ടി. കെ. നായർ — ഏറ്റിട്ടുണ്ട്.

ഒരു ഡ്രൈവറുടെ ചുമതലയെന്താണ്? ബസ്സു നിറുത്തിയതിനുശേഷമല്ലാതെ ഒരു യാത്രക്കാരൻ അയാളുടെ സീറ്റിൽനിന്നും ഇറങ്ങുവാൻ പാടുണ്ടോ? ബ്രിട്ടീഷിൽ ഇതിനെല്ലാം രൂളുകളുണ്ടെന്നു പറഞ്ഞു. ബ്രിട്ടീഷിലുള്ളവരൊക്കെ കുരുടന്മാരാണ്. അവക്ക് എന്തോ അങ്ങിനെയൊരു ശാപമുണ്ടെന്നുവെച്ച് കൊച്ചീ രാജ്യത്തുള്ളവരുടെ കണ്ണു് നിങ്ങൾ കുത്തിപ്പൊട്ടിയ്ക്കുമോ? ഓവർലോഡു കയറ്റിയാൽ ഡ്രൈവറെ ചാർജ്ജുചെയ്യണം; കണ്ടക്ടറെ ചാർജ്ജു ചെയ്യണം എന്ന നിലയായിട്ടുണ്ട്. പക്ഷേ എന്തോ ഒരു ദൈവാധീനമാണ് പാസഞ്ചേഴ്സിനെ ചാർജ്ജു ചെയ്യാത്തതു്! (ചിരി) അങ്ങിനെ ചെയ്താൽപിന്നെ ബസ്സിൽ ആളുകൾ കയറുകയില്ലല്ലോ!! ബസ്സുടമസ്ഥന്മാർ അവരുടെ കുടുംബം പണയപ്പെടുത്തീട്ട ക്രടിയും സർവ്വീസു നടത്തുന്നുണ്ട്. അങ്ങിനെയിരിക്കെ അതിലെ ഡ്രൈവർമാക്ക് ഈ മാതിരിയുള്ള ശിക്ഷ നൽകുന്നതു് വളരെ അപകടമാണ്. ബസ്സുകൾ പോലിസ് സ്റ്റേഷന്റെ ഉമ്മറത്തു നിറുത്തി ഡ്രൈവർ ഇറങ്ങിച്ചെന്ന് ഒപ്പിട്ട കൊടുക്കണമെന്നുണ്ട്. ഇങ്ങിനെ ബസ്സു വഴിയിൽ നിറുത്തീട്ട് ഡ്രൈവറെ ഇറങ്ങിപ്പോകുവാൻ പറയുന്നതു ശരിയല്ല. കൈകാട്ടിയാൽ നിറുത്തരുതു്. വഴിയിൽ നിറുത്തുവാൻ പാടില്ല എന്നെല്ലാം നിയമമുണ്ടെങ്കിലും അതൊന്നും ഞാനിവിടെ എടുത്തു പറയുന്നില്ല. വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

ഷ്യക്ഷൻ ഈ കാര്യത്തിൽ കുറെക്കൂടി ദയവായി ആലോചിച്ചു്, അ ത്യാവശ്യമായ നിഷ്കർഷകളാണോ ഇന്നു ബസ്സു സർവ്വീസിനെ സംബ ന്ധിച്ചിടത്തോളം കൊച്ചീരാജ്യത്തുള്ളതു് എന്നു നോക്കി അവയെ ന ന്നാക്കുവാനുള്ള മാർഗ്ഗമാണു കണ്ടുപിടിയ്ക്കുകയാണു വേണ്ടതു്.

പിന്നെ റോഡുകൾ മുമ്മൂന്നു മാസത്തിലൊരിയ്ക്കലും ചിലതു് ആ റാറു മാസത്തിലൊരിയ്ക്കലും ടെസ്റ്റു ചെയ്യണമെന്നുണ്ടു്. അതിലേ യ്ക്കുവേണ്ടി ൨ ലക്ഷം ഉറുപ്പികവരെ ചീലവാക്കീട്ടുമുണ്ടു്. ചീഫ് എ ഞ്ചിനീയരോടു ചോദിച്ചാൽ അദ്ദേഹമല്ല ടെസ്റ്റു ചെയ്യേണ്ടതെ ന്നും, പോലിസു കമ്മീഷണരോടു ചോദിച്ചാൽ അദ്ദേഹമല്ല ടെസ്റ്റു ചെയ്യേണ്ടതെന്നും പറയുന്നുണ്ടു്. ഈ ഒരു കാര്യത്തിലും ഞങ്ങൾക്കു യാതൊരു രക്ഷയുമില്ല.

ഡ്രൈവർക്കു പണിയില്ലെന്നു പറഞ്ഞാൽ യാതൊരു അലോകൃ വും വരാനില്ലെങ്കിലും, മുൻപോട്ടു നോക്കി യാതൊരു തകരാറും വരാ തെ സൂക്ഷിച്ചു് ബസ്സു നടത്തിക്കൊണ്ടുപോകുന്ന ഒരു ഡ്രൈവർക്കു് ഓ വർലോഡ് കയറിയ കാരണത്താൽ പണിയില്ല എന്നു പറഞ്ഞാൽ എന്താണതിനർത്ഥമുള്ളതു്? വല്ല ആക്സിഡൻറും ഉണ്ടായാൽ ഡ്രൈ വറെ അല്ലാതെ കൺഡക്ടറെ ചാർജ്ജു ചെയ്യുന്നുണ്ടോ? അതുകൊണ്ടു് ഒരു ഡ്രൈവറുടെ ചുമതലയെന്താണു്? ഒരു കൺഡക്ടരുടെ ചുമതല യെന്താണു് എന്നുള്ളതിനെപ്പറ്റി ആലോചിയ്ക്കണം. ഞാൻ ഈ ഉ പക്ഷേപത്തെ അനുകൂലിയ്ക്കുന്നതോടുകൂടി ഇപ്പോഴുള്ള ഏർപ്പാടുകളെ ഒന്നുകൂടി ഭംഗിയാക്കുവാൻ വിചാരിച്ചാൽ കൊള്ളാമെന്നു് അപേ ക്ഷിയ്ക്കുന്നു.

Mr. M. V. Cherian.—Sir, as a member who has something to do with buses I would say that it is a most unfortunate rule that is being enforced against the driver and the owner. I do not know how my Hon'ble friend for Pazhayannur has evaded the process of that rule when his bus has taken overload at Pazhayannur while he is sitting in this Council. In many instances these owners have been convicted in the Cochin Magistrate's Court and they had to dole out money. Whatever evidence we might adduce as to the definite instructions to the driver and the conductor not to take overload all such evidence have been got over by saying that these people have a responsibility and so they should be convicted.

Mr. President.—Do you not know the master's liability about the conduct of his servant?

Mr. M. V. Cherian.—But the master has given definite instructions to the driver and the conductor.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—If a driver kills a child, the owner will be made responsible for his act.

Mr. M. V. Cherian.—For damages. That is a different thing. Here this is a case of criminal responsibility. So far as criminal conviction is concerned it is a stigma on the owners who are simply sitting in their houses. They get a criminal conviction for no fault of their own. Therefore it is a most unfortunate rule that is being enforced in the State.

Now so far as traffic and other things are concerned we are constrained to remark that a lot of undesirable attitude is taken not only by the Government but by the Municipalities as well. In Mattancherry for instance whenever a bus is condemned and another bus is to be substituted, we have to get a permit from the Chairman. Even when we approach him a month earlier he does not seem to issue any sort of permit. I submit, Sir, though this is not relevant to the issue on hand, sufficient encouragement is not given to bus traffic but is being dissuaded inch by inch (Hear, hear). Therefore I beg to submit that a sympathetic consideration may be given to the issue at hand.

Mr. A. L. Devassy.—Sir, I am afraid the case has been overstated by the Hon'ble Member for Pazhayannur. Definite instructions have been given to the Inspectors not to charge the owners unless there is evidence to prove that they are incorrigible. Only in cases of repeated overload against a particular bus are the owners charged.

Mr. T. K. Nayar.—I hope the owners will be given a warning when they become incorrigible.

Mr. A. L. Devassy.—We expect the owners to know the happenings to their buses. After 3 or 4 overload charges it is time to take notice of the conduct of the owner also. Instructions have been given to that effect. As regards overload, if Hon'ble Members admit that that should not be allowed, then I maintain that the Drivers also should be charged. It is not when the buses are running that the passengers enter. It is only after the bus is stopped that any passenger is allowed to get in. It is the duty of the driver also not to drive a bus which is overloaded and which is violating the rules.

Mr. President.—When there is a conductor why should the driver be punished?

Mr. A. L. Devassy.—The driver should not drive a bus which is violating the rules.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—Is it the intention that every time a passenger enters the bus, he should count the total number of passengers? When you can fix the responsibility on the conductor why should the driver also be charged?

Mr. A. L. Devassy.—It is sometimes found that a driver takes into his head to invite a friend of his to enter the bus when there is no place for him without overloading the bus. The conductor is helpless against the overload.

Dr. A. R. Menon.—Suppose a police man comes. What will be the position of the driver? There is a difference between a policeman and his friend. We cannot dictate to the policeman. I have actually seen it.

Mr. President.—Then he won't be charged for overload.

Mr. C. R. Iyyunni.—On a point of information, is there any Regulation whereby the Railway Authorities are liable to be prosecuted if accidents happen on the way because of the negligence of the driver?

Mr. President.—Certainly.

Mr. C. R. Iyyunni.—Criminally liable?

Mr. President.—No. Civilly liable.

Mr. C. R. Iyyunni.—But here you are fixing criminal liability upon the owner of a bus.

Mr. President.—The Commissioner of Police will consider the matter.

Mr. A. L. Devassy.—In consultation with the Police authorities in other Provinces we will see what we can do in this direction.

Mr. M. V. Cherian.—We condemn that rule and we appeal to our Police Commissioner to change it. We must frame rules for others to copy.

* മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ബസ്സു സർവ്വീസിനെപ്പററി പറയുകയാണെങ്കിൽ അനവധി സംഗതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ട്. ചില ലയിനുകളിൽ ധാരാളം ബസ്സുകൾ ഓടുന്നുണ്ട്. അവയിലെല്ലാം സ്കൂൾ കുട്ടികളും ഉദ്യോഗസ്ഥന്മാരും മറും സീസൺ ടിക്കറ്റു വാങ്ങി പോകുന്നതിനാൽ പാസഞ്ചേഴ്സിന വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. അതുകൊണ്ട് ഈ കാര്യത്തിലും

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്കൂടി ഗവമ്മെൻറ് പ്രത്യേകം ശ്രദ്ധവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിയ്ക്കുന്നു.

Motion was, by leave, withdrawn.

Motion No. 91.

Mr. T. C. Iyyukutty.—*"To reduce the allotment of Rs. 2,20,015 for Police by Re. 1. To take immediate steps to put a stop to the difficulties caused by the stray cattle."*

സർ, ഞങ്ങളുടെ നാട്ടിൽ കന്നുകാലികളെ മുളയ്ക്കുന്ന സമ്പ്രദായങ്ങളൊന്നും ഇല്ല. പശുവിനെ കറന്നുകഴിഞ്ഞാൽ കുട്ടിയെ കെട്ടിയിടുകയും, പശു വീണ്ടും വരുമെന്നു വിചാരിച്ച് പുറത്തേയ്ക്ക് അഴിച്ചുവിടുകയുമാണു ചെയ്യുന്നത്. പിറെറദിവസം പശു വരികയും ചെയ്യുന്നു. എന്നാൽ ഇപ്രകാരം പശുക്കളെ വിട്ടയ്ക്കുന്നതുകൊണ്ട് കൃഷിക്കാർക്കു വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. ഇത്തരം പശുക്കൾ മറുള്ളവരുടെ പഞ്ചു തിന്ന് ഉപജീവനം കഴിക്കുന്നു. ഇങ്ങിനെയുള്ള പശുക്കളെ പിടിയ്ക്കുവാൻതന്നെ വളരെ പ്രയാസമാണ്. ധനവാന്മാരുടെ പശുക്കളാണെങ്കിൽ അവയെ പിടിച്ചുകഴിഞ്ഞാൽ സാധുക്കൾക്കു വളരെ ഉപദ്രവമായിത്തീരും. ഈ ബുദ്ധിമുട്ടിനെ ഇല്ലാതാക്കാൻവേണ്ടി എല്ലാടിക്കിലും പൌണ്ടുകൾ വച്ചിട്ടുണ്ട്. എന്നാൽ ഈ പൌണ്ടുകൾ ഇങ്ങിനെയുള്ള ആവശ്യങ്ങൾക്ക് അശേഷം മതിയായതാണെന്ന് എനിയ്ക്കു തോന്നുന്നില്ല. പശുക്കളെ പിടിച്ചു പൌണ്ടിൽ കെട്ടിയാലും നിസ്സാരമായ നാലോ അഞ്ചോ ആണ കൊടുത്തു് അവയെ അഴിപ്പിച്ചുകൊണ്ടുവരുവാൻ ധനവാന്മാർക്കു യാതൊരു പ്രയാസവുമില്ല. ഇതൊന്നും വേണ്ട, കേസു കൊടുക്കാമെന്നു വിചാരിച്ചാൽ ആരുടെ പശുക്കളാണെന്നു നോക്കിയാണു കേസുകൊടുക്കുന്നതു്. എട്ടും പത്തും പശുക്കൾ ഒന്നിച്ചു കൃഷിയെ നശിപ്പിയ്ക്കുമ്പോൾ ആ പശു ഉടമസ്ഥന്മാരുടെ പേരിലെല്ലാം കേസു കൊടുക്കേണ്ടിവരും. ആ ഓരോ പശുക്കൾ ഇരുവീതം തിന്നുതീർന്നിട്ടുണ്ടെന്നുള്ള ഒരു കണക്കെടുക്കുവാനും പ്രയാസം. ഇപ്പോഴത്തെ Cattle trespass regulation - ൽ ഒരു ഭേദഗതി വരുത്തീട്ടെങ്കിലും കഠിനമായ ശിക്ഷ കൊടുക്കേണ്ടതാണെന്നുള്ള സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു ഞാൻ ഈ കട്ടമോഷൻ അയച്ചിട്ടുള്ളതു്. അതുകൊണ്ടു ഗവമ്മെണ്ടിൽനിന്നും ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു നിവാരണമാർഗ്ഗം കണ്ടുപിടിയ്ക്കേണ്ട കാലം അടുത്തിരിയ്ക്കുന്നു.

Mr. K. Achyuta Menon.—Mr. President, Sir, this also raises the question of vicarious responsibility for acts done by the cattle, on the owner thereof. It may be fairly argued that owners are not liable except on the civil side. The Cattle Trespass Regulation imposes a fine which is as lenient as possible.

LIBRARY ARCHIVES Kerala Legislative Assembly

The argument advanced on the previous motion on the question of criminal liability affects this motion also.

Dr. A. R. Menon.—But the cattle are different from drivers.

Mr. K. Achyuta Menon.—If you cannot control the drivers, you cannot certainly control the cattle. If you keep a mad dog and it bites your neighbours, you are held liable. According to the Cattle Trespass Regulation the owner is civilly as well as criminally liable. The criminal liability is however put as low as possible. If it is raised it will react on the agriculturists themselves.

Dr. A. R. Menon.—Upon the cattle also.

Mr. K. Achyuta Menon.—It might get locked up for a more number of days. There is also involved in it kindness to animals. The law is even now strict. The only question is whether we should increase the rate. It certainly does not react upon the Government but it does react very unfavourably on the cattle owners because most of the cattle in the villages belong to the agriculturists themselves and any law which increases the fees or the fine or the penalty is bound to react upom them. I may point out that the Government would think twice before increasing the rates. Government are not going to lose anything. In 1109, 4000 cattle were impounded. The number went up to 5000 in 1110. I submit that it is my considered view that it will react very unfavourably upon the villagers if the penalty is increased. This question was brought to the notice of the Government once before not in this precise form, that the fines should be increased and the experiment tried at least in Pazhaji and in some other adjoining villages. But a distinction like that in some villages, leaving alone the other villages, was not considered advisable by the Government. No case, I submit, has been made out by the Hon'ble Member for increasing the severity of the Cattle Trespass Regulation.

Motion was, by leave, withdrawn.

The Demand of Rs. 2,20,015 under Police was put and carried.

13—Police—Cranganur—Rs. 7,686.

Mr. A. L. Devassy.—Sir, I rise to move for an allotment of Rs. 7,686 under 13—Police—Cranganur. I request the House to sanction the grant.

Demand was put and carried.

LIBRARY ARCHIVES Kerala Legislative Assembly